Circular No: 14/Estt/2017

## തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - തദ്ദേശ സ്വയംഭരണ വകുപ്പിൽ വിജിലൻസ് ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

സൂചന : ജി.ഒ(പി)നം. 34/97/വിജി. തീയതി 11.06.1997.

## ഉത്തരവ് നം. ഇ1-1488/17/സിഇ/തസ്വഭവ തീയതി 14.02.2017

സംസ്ഥാനത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകളിലെ പദ്ധതി, പദ്ധതിയേതര പ്രവൃത്തികളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഈ ഓഫീസിൽ ലഭ്യമാകാറുണ്ട്. കൂടാതെ സി.റ്റി.ഇ, ധനകാര്യ പരിശോധനാ വിഭാഗം, വിജിലൻസ് എന്നീ അന്വേഷണ വിഭാഗങ്ങൾ ശുപാർശ ചെയ്യുന്ന പരാതികളും പരിശോധിക്കേണ്ട സാഹചര്യം നിലവിലുണ്ട്. ഈ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും, വകുപ്പുതല വിജിലൻസ് അന്വേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി ഇന്റേണൽ വിജിലൻസ് ഓഫീസറെ ഈ വിഭാഗത്തിൽ നിയമിക്കേണ്ടതുണ്ട്. ഓരോ വകുപ്പിലും വകുപ്പ് മേധാവിയ്ക്ക് തൊട്ടുതാഴെയുള്ള ഓഫീസറെയാണ് അതാത് വകുപ്പിലെ ഇന്റേണൽ വിജിലൻസ് ഓഫീസറായി നിയമിക്കുന്നത്.

മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിന്റെ വിജിലൻസ് ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു. ടിയാൻ ഈ വകുപ്പിനെ സംബന്ധിച്ചുള്ള എല്ലാ പരാതികളും പരിശോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, യഥാസമയം മേലധികാരിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാകുന്നു

ചീഫ് എഞ്ചിനീയർ

പകർപ്പ് :
1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, തിരുവനന്തപുരം
2) ശ്രീ. കെ. ബാലകൃഷ്ണൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
3) ഫയൽ / വെബ്സൈറ്റ്